# പതിനഞ്ചാം കേരള നിയമസഭ
## മൂന്നാം സമ്മേളനം

2021 ഒക്‌ടോബർ 11, തിങ്കൾ

## കാര്യവിവരപ്പട്ടിക

**1.** **ചോദ്യങ്ങൾ** :
പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

**2.** **മന്ത്രിയുടെ പ്രസ്താവന** :
2021 ഒക്‌ടോബർ 04 – ാം തീയതിയിലെ 1 – ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന പിശക് തിരുത്തിക്കൊണ്ട് ഭക്ഷ്യ – പൊതുവിതരണ വകുപ്പുമന്ത്രി ശ്രീ. ജി. ആർ. അനിൽ പ്രസ്താവന നടത്തുന്നതാണ്.

**3.** **ശ്രദ്ധക്ഷണിക്കൽ** :

(1) വിദേശ കുത്തകകൾ കൈയ്യടക്കിയ കാത്തലിക് സിറിയൻ ബാങ്കിന്റെ ജനദ്രോഹ നടപടികൾക്കെതിരെ സംസ്ഥാന സർക്കാർ ഇടപെടേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. നന്ദകുമാർ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

(2) സംസ്ഥാനത്ത് മറൈൻ ആംബുലൻസ് സംവിധാനം ശക്തിപ്പെടുത്തേണ്ടതിന്റെയും മൽസ്യത്തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളുൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിലേയ്ക്കായി ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് അദാലത്തുകൾ സംഘടിപ്പിക്കേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ.രമേശ് ചെന്നിത്തല മൽസ്യബന്ധനം, സാംസ്കാരികം യുവജനക്ഷേമ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

**4.** **മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ** :
(പ്രത്യേക ലിസ്റ്റ് പ്രകാരം)

**5. റിപ്പോർട്ടുകളുടെ സമർപ്പണം :**

(1) ധനകാര്യ വകുപ്പുമന്ത്രിയും എട്ടാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ശ്രീ. കെ. എൻ. ബാലഗോപാൽ താഴെപ്പറയുന്ന ബില്ലുകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്:

(i) 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ.

(ii) 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ.

(iii) 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ.

(2) നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും നാലാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ശ്രീ. പി. രാജീവ് താഴെപ്പറയുന്ന ബില്ലുകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്:

(i) 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ.

(ii) 2021-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ.

(iii) 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ.

**6. നിയമനിർമ്മാണകാര്യം :**

(1) 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും.

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും.

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2021 ഒക്ടോബർ 10.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.

**FIFTEENTH KERALA LEGISLATIVE ASSEMBLY**
**Third Session**

*Monday, October11 , 2021*

# LIST OF BUSINESS

**I. Questions:**
Questions entered in the separate list to be asked and answered.

**II. Statement by Minister:**
Shri. G. R. Anil, Minister for Food and Civil Supplies to make a statement correcting the answer given to Starred Question No. 1 on October 04, 2021.

**III.Calling Attention:**

(1) Shri. P. Nandakumar to call the attention of the Minister for Finance to the necessity for the intervention of the State Government against the anti-people measures of the Catholic Syrian Bank, which has been taken over by Foreign monopolists.

(2) Shri. Ramesh Chennithala to call the attention of the Minister for Fisheries, Culture and Youth Affairs to the necessity to strengthen Marine Ambulance System in the State and to organise Adalats at Arattupuzha and Thrikkunnapuzha Panchayats to make available eligible benefits to the Fishermen.

**IV. Papers to be Laid:**

(As per separate List)

## V. Presentation of Reports:

(1) Shri. K. N. Balagopal, Minister for Finance and Chairman, Subject Committee VIII to present the Reports of the Subject Committee on the following Bills:

(i) The Kerala State Goods and Services Tax (Amendment) Bill, 2021.

(ii) The Kerala General Sales Tax (Amendment) Bill, 2021.

(iii) The Kerala Fiscal Responsibility (Amendment) Bill, 2021.

(2) Shri. P. Rajeeve, Minister for Law, Industries and Coir and Chairman, Subject Committee IV to present the Reports of the Subject Committee on the following Bills:

(i) The Kerala Coir Workers' Welfare Fund (Amendment) Bill, 2021.

(ii) The Kerala Micro, Small and Medium Enterprises Facilitation (Amendment) Bill, 2021.

(iii) The Kerala Minerals (Vesting of Rights) Bill, 2021.

## VI. Legislative Business:

(1) Introduction and Motion for reference to Subject Committee of The Kerala Self Financing College Teaching and Non-Teaching Employees (Appointment and Conditions of Service) Bill, 2021.

(Discussion to be concluded)

(2) Motion for consideration and further stages of The Kerala University of Digital Sciences, Innovation and Technology Bill, 2021 as reported by the Subject Committee.

(Discussion to be concluded)

Secretariat of the Kerala Legislature,
Thiruvananthapuram,
October 10, 2021.

S. V. Unnikrishnan Nair,
Secretary.